പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 878 | 05.03.2018-ൽ മറുപടിക്ക്

## പാലങ്ങളുടെ ഈടും സുരക്ഷയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി. : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ പാലങ്ങളുടെ ഈടും സുരക്ഷയും കാലാകാലങ്ങളിൽ പരിശോധിക്കാറുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ; | (എ) കേരളത്തിൽ പാലങ്ങളുടെ ഈടും സുരക്ഷയും സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിരുന്നില്ല. ഏനാത്ത് പാലത്തിനുണ്ടായ അപകടത്തെ തുടർന്ന് പാലങ്ങളുടെ വിശദമായ പരിശോധന നടത്തി നിജസ്ഥിതി വിലയിരുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള 162 പാലങ്ങൾക്ക് പുനർ നിർമ്മാണം ആവശ്യമാണെന്നും 208 പാലങ്ങൾക്ക് പുനരുദ്ധാരണമോ / ഹെവി മെയിന്റനൻസ്, പാലങ്ങൾക്ക് സാധാരണ അറ്റകുറ്റപണി എന്നിവ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി). അപകടനിലയിലായ എത്ര പാലങ്ങളാണ് സംസ്ഥാനത്തുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി). പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ നിലവിൽ അപകടകരമായ 162 പാലങ്ങൾ ഉണ്ട് എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി). അപകട നിലയിലുള്ള പാലങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയിട്ടുണ്ടോ; | (സി) അപകടനിലയിലുള്ള ചില പാലങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്ന അറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി). അപകടാവസ്ഥയിലുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) അപകടാവസ്ഥയിലുള്ള പാലങ്ങൾ പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പുനർ നിർമ്മാണം ആവശ്യമായുള്ള 162 പാലങ്ങളിൽ 10 പാലങ്ങളുടെ എസ്റ്റിമേറ്റ് ഭരണാനുമതി നൽകുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. കൂടാതെ 22 പാലങ്ങളുടെ പ്രവൃത്തികൾക്ക് ബഡ്ജറ്റിലും കിഫ്ബി മുഖേനയും ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കിയുള്ള പുനർ നിർമ്മാണം ആവശ്യമായുള്ള പാലങ്ങളുടെ ഇൻവെസ്റ്റി ഗേഷൻ /വിശദമായ പരിശോധന എന്നിവ നടത്തി ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

S. Bindu

സെക്ഷൻ ഓഫീസർ